പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4660

18/12/2014-ൽ
മറുപടിയ്ക്ക്

## ഗസ്റ്റ് ലക്ചറർമാർ

**ചോദ്യം**

ശ്രീ.പി.റ്റി.എ.റഹീം :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും ഗസ്റ്റ് ലക്ചറർമാരുടെ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള സേവന വ്യവസ്ഥകൾ വന്നത് എന്നു മുതൽക്കാണെന്ന് വിശദമാക്കാമോ; | (എ) | 14.09.2011 ലെ സ.ഉ(പി) 225/2011/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം, അസിസ്റ്റന്റ് പ്രൊഫസ്സറുടെ യോഗ്യതയുള്ള, ഗസ്റ്റ് അദ്ധ്യാപകനു ഒരു ലക്ചറിന് 1000 രൂപ നിരക്കിൽ പ്രതിമാസം പരാമാവധി 25,000 രൂപ വേതനമായി അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിനു 01.01.2010 മുതൽ പ്രാബല്യമുണ്ടായിരുന്നു. പ്രസ്തുത ഉത്തരവിനു ഭേദഗതി വരുത്തി പുറപ്പെടുവിച്ച 28.11.2012 ലെ സ.ഉ(പി) 602/2012/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ലക്ചറിന് 500 രൂപ നിരക്കിൽ പ്രതിമാസം പരാമവധി 25000 രൂപ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനമായി അനുവദിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് പ്രസ്തുത ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളു. 25.1.2012 ലെ സ.ഉ(പി) 28/2012/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം, 25 മണിക്കൂർ ലക്ച്ചർ എടുക്കുന്ന ഗസ്റ്റ് അദ്ധ്യാപകർ അക്കാദമിക് ജോലികൾ ഉൾപ്പെടെ കുറഞ്ഞത് 50 മണിക്കൂർ കോളേജുകളിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ സേവന വ്യവസ്ഥ സംബന്ധിച്ച വിവരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ശേഖരിച്ച് വരുന്നു. |
| (ബി) | റഗുലർ അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ അനുസരിച്ച് ഗസ്റ്റ് ലക്ചറർമാരുടെ വേതനം വളരെ കുറവായതിനാൽ ആയത് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | പുതുതായി ആരംഭിച്ച 22 കോളേജുകളിൽ എവിടെയെങ്കിലും സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്, പുതുതായി ആരംഭിച്ച 22 കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തിക ഉൾപ്പെടെ 13 കോളേജുകളിലായി ആകെ 145 അദ്ധ്യാപക തസ്തികകളും 6 കോളേജുകളിൽ അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുതുതായി ആരംഭിച്ച കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് വേതനം സർക്കാർ നൽകുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് നൽകുന്നത് ? | (ഡി) | പുതുതായി ആരംഭിച്ച കോളേജുകളിൽ ട്രഷറി ഓതറൈസേഷൻ ലഭിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഗസ്റ്റ് ലക്ചർമാർക്ക് വേതനം നൽകുന്നുണ്ട്.<br>1. ഗവ. ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി<br>2. ഗവ. ആർട്സ് & സയൻസ് കോളേജ്, മങ്കട<br>3. ഗവ. ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി<br>4.ഗവ. ആർട്സ് & സയൻസ് കോളേജ്, ചേലക്കര<br>5.ഗവ. ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്<br>6.ഗവ. ആർട്സ് & സയൻസ് കോളേജ്, തൃത്താല<br>7.ഗവ. ആർട്സ് & സയൻസ് കോളേജ്, താനൂർ<br>8.ഗവ. ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി<br>9.ഗവ. ആർട്സ് & സയൻസ് കോളേജ്, നെയ്യാറ്റിൻകര<br>10.ഗവ. ആർട്സ് & സയൻസ് കോളേജ്, തലശ്ശേരി |

സെക്ഷൻ ഓഫീസർ